പി.എസ്.സി നടത്തുന്ന എല്ലാ പരീക്ഷകൾക്കും ഓൺലൈൻവഴി അപേക്ഷ നൽകുന്നതിന് സൗകര്യം

58 (1611) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. നടത്തുന്ന എല്ലാ പരീക്ഷകൾക്കും ഓൺലൈൻ വഴി അപേക്ഷ നൽകുന്നതിന് ഇപ്പോൾ സൗകര്യം ഉണ്ടാക്കിയിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ ഉദ്യോഗാർത്ഥികൾക്ക് ഇപ്പോൾ എന്തൊക്കെ സാങ്കേതിക ബുദ്ധിമുട്ടുകൾ നേരിടുന്നതായാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ;

(സി) ഇത്തരം ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

നിയമന ഏജൻസികളിൽ പിന്നോക്ക വിഭാഗത്തിലുള്ള പ്രതിനിധികളെ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച്

59 (1612) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ, ഓട്ടോണമസ് സ്ഥാപനങ്ങൾ എന്നിവയിൽ നടന്ന സ്ഥിരം നിയമനങ്ങൾ, താൽക്കാലിക നിയമനങ്ങൾ, ദിവസവേതനാടിസ്ഥാനത്തിൽ ഉള്ള നിയമനങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) എങ്കിൽ സ്ഥാപനത്തിന്റെ പേര്, തസ്തിക, പോസ്റ്റുകളുടെ എണ്ണം, നിയമന രീതി എന്നിവ വ്യക്തമാക്കുമോ ;

(സി) ഇത്തരം സ്ഥാപനങ്ങളിലെ എല്ലാ നിയമനങ്ങളും പി.എസ്.സി.-ക്ക് വിടാൻ സർക്കാർ തയ്യാറാകുമോ ;

(ഡി) എല്ലാ നിയമന ഏജൻസികളിലും ഇന്റർവ്യൂ ബോർഡിലും വിദഗ്ദ്ധരായ പിന്നോക്ക വിഭാഗ പ്രതിനിധികളെ ഉൾപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly